**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 614** **28-01-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വ്യവസായ വകുപ്പ് മുഖേന പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അവയ്ക്ക് നീക്കിവച്ചിട്ടുള്ള തുക സഹിതം ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും, ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും, ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഇല്ല. |
| (സി) | പാറശ്ശാല മണ്ഡലത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ കൈത്തറി, പനമ്പ് നെയ്ത്ത്, കശുവണ്ടി വ്യവസായം എന്നിവയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പാറശ്ശാല മണ്ഡലത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ കൈത്തറി, പനമ്പ് നെയ്ത്ത്, കശുവണ്ടി വ്യവസായം എന്നിവയ്ക്ക് പ്രത്യേകമായി പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്ത് ഈ മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു<br>എ). ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറിയുടെ നവീകരണത്തിനുള്ള മൂലധന ഗ്രാന്റും പലിശ സബ്സിഡിയും<br>ബി). സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണ പദ്ധതി<br>സി). മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ - വിളവെടുപ്പും സംസ്കരണവും. |
| (ഡി) | മണ്ഡലത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ (MSME) പ്രോത്സാഹിപ്പിക്കുന്നതിനായി 'സംരംഭക വർഷം' പദ്ധതിയുടെ എത്ര യൂണിറ്റുകൾ പുതുതായി ആരംഭിച്ചുവെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമാക്കിയെന്നും വിശദമാക്കാമോ; | (ഡി) | 3169 പുതിയ യൂണിറ്റുകൾ ആരംഭിച്ചു. 5241 പേർക്ക് തൊഴിൽ ലഭ്യമാക്കി. |

| | | | |
|---|---|---|---|
| (ഇ) | പൂർത്തീകരിക്കാത്ത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (ഇ) | പൂർത്തീകരിക്കാത്ത പദ്ധതികൾ ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പദ്ധതി | ചെലവാക്കിയ തുക |
|---|---|
| മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് | 27,22,232/- |
| ഒരു കുടുംബം ഒരു സംരംഭം പദ്ധതി | 1,14,751/- |
| ഇ എസ് എസ് - (സംരംഭക സഹായ പദ്ധതി) | 3 ,00,000/- |
| എം എസ് എം ഇ ഇൻഷുറൻസ് | 25,565/- |
| ജനറൽ ഓറിയന്റേഷൻ ട്രയിനിംഗ് | 2,70,000 /- |
| ലോൺ ലൈസൻസ് മേള | 45,000 /- |
| സംരംഭകത്വ ബോധവൽക്കരണ പരിപാടി | 95,000/- |
| സംരംഭക സഭ | 45,000 /- |
| പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി | **4,11,79,566/-** |

സെക്ഷൻ ഓഫീസർ